**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1873** **11-10-2024 - ൽ മറുപടിയ്ക്ക്**

**മൈനോരിറ്റി കോച്ചിങ് സെന്ററുകളിലെ അദ്ധ്യാപക പാനൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ന്യൂനപക്ഷ വകുപ്പിന് കീഴിലുള്ള മൈനോരിറ്റി കോച്ചിങ് സെന്ററുകളിലെ അദ്ധ്യാപക പാനൽ എന്നാണ് തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | **ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യാപക പാനൽ 2019 ലാണ് തയ്യാറാക്കിയത്. ഈ പാനൽ പ്രകാരം 382 ഫാക്കൽറ്റികളെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.** |
| (ബി) | പുതിയ അദ്ധ്യാപകരെ പാനലിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ; | (ബി) | **ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളിലെ നിലവിലെ ഫാക്കൽറ്റി ലിസ്റ്റ് നവീകരിക്കുന്നതിനായി യോഗ്യതയും പ്രവർത്തന പരിചയവുമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നതിനായി പൊതുജന സമ്പർക്ക വകുപ്പ് മുഖേന പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയിരുന്നു. ഇപ്രകാരം ലഭിച്ച അപേക്ഷകൾ മാനദണ്ഡമനുസരിച്ച് മേഖലാതലത്തിൽ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.** |
| (സി) | പ്രസ്തുത അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | (സി) | ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര ബിരുദമാണ് ഫാക്കൽറ്റികളുടെ കുറഞ്ഞ യോഗ്യത. |

സെക്ഷൻ ഓഫീസർ